പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6317 | | 31.10.2011ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പോഷകാഹാര കൗൺസിൽ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. ജോസഫ് വാഴക്കൻ<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ്<br>,, എം. പി. വിൻസെന്റ് | | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) | |
| (എ) | പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പോഷകാഹാര കരട് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (എ) | പോഷകാഹാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികളാണ് പോഷകാഹാര കരട് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്<br>• പോഷണത്തിൽ ജീവചക്ര സമീപനം.<br>• പോഷണത്തിൽ ഏകീകൃത സമീപനം.<br>• പോഷണ സുരക്ഷ ഉറപ്പാക്കൽ<br>• വ്യായാമത്തിലും കളികളിലും ഏർപ്പെടൽ<br>• പോഷണത്തിൽ സാമൂഹികമായ സമീപനം.<br>• പോഷണത്തിൽ എടുക്കുന്ന ഏതൊരു തീരുമാനത്തിനും ശാസ്ത്രീയ അടിത്തറ.<br>• ആഹാരസാധനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായ മാർഗ്ഗങ്ങളുടെ ഫലപ്രദമായ വിനിയോഗം. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി സംസ്ഥാന ജില്ലാ തലത്തിൽ പോഷകാഹാര കൗൺസിലുകൾക്ക് രൂപം നൽകുമോ; | (ബി) | ന്യൂട്രീഷനുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പോഷകാഹാര കൗൺസിലുകൾക്ക് രൂപം നൽകുന്നതിന് കരട് നയത്തിൽ ശുപാർശ ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം കൗൺസിലുകളുടെ പ്രവർത്തനരീതി എങ്ങനെ ആയിരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്? | (സി) | കരട് നയത്തിന് അന്തിമ രൂപം നൽകിയിട്ടില്ല. ആയത് പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |

R. [signature]
സെക്ഷൻ ഓഫീസർ